# പതിനാലാം കേരള നിയമസഭ

## രണ്ടാംസമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 186

## 4.10.2016 - ലെ മറുപടിയ്ക്ക്

## ട്രഷറി സേവന സൗകര്യങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്<br>ശ്രീ. പി. കെ അബ്ദു റബ്ബ്<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. കെ. ബഷീർ | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ എന്നിവരിൽ നിന്നും ട്രഷറി നിക്ഷേപങ്ങളിലൂടെയുള്ള ധന സമാഹരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാന സർക്കാർ ജീവനക്കാരിൽ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും G.O.(P) No.658/10/Fin തീയതി 03.12.2010 ഉത്തരവു പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടു വഴി നൽകുവാനുള്ള തീരുമാനം സർക്കാർ ജീവനക്കാരിൽ നിന്നും ട്രഷറി നിക്ഷേപങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് തുടക്കമിട്ടുന്നതായിരുന്നു. Integrated Financial Management System (IFMS) പൂർണ്ണമായി നടപ്പിലാക്കുമ്പോൾ എല്ലാ സർക്കാർ ജീവനക്കാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ട്രഷറി അക്കൗണ്ടു വഴി വിതരണം ചെയ്യുന്നതാണ്. ഇത്തരം അക്കൗണ്ടുകളിൽ നിന്നും നീക്കിയിരിപ്പിലാകുന്ന തുക ട്രഷറി നിക്ഷേപങ്ങളായി മാറുന്നതാണ്. ഇവയ്ക്ക് ഉയർന്ന പലിശ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>സംസ്ഥാന ട്രഷറികളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ പ്രതിമാസ പെൻഷൻ G.O.(P) No.230/10/Fin തീയതി 9.4.2010 ഉത്തരവു പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് വഴി നൽകുവാൻ ഉത്തരവായിരുന്നു. ഈ തീരുമാനം വഴിയും പെൻഷൻകാരുടെ ട്രഷറി വഴിയുള്ള ധനസമാഹരണത്തിനു കഴിഞ്ഞിട്ടുണ്ട്. ഇത്തരം അക്കൗണ്ടുകളിലും മികച്ച നിക്ഷേപം നീക്കിയിരിപ്പുണ്ട്. ട്രഷറിയിൽ സ്ഥിര നിക്ഷേപം തുടങ്ങുന്നതിനായി സീനിയർ സിറ്റിസൺ പ്രായപരിധി 60 വയസ്സ് എന്നുള്ളു സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് ലഭിക്കുന്ന അര ശതമാനം അധിക പലിശ പെൻഷൻകാർക്കു ലഭിക്കുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ട്രഷറി സ്ഥിര നിക്ഷേപങ്ങൾ ഒഴികെയുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് 4.5% ആയിരുന്ന വാർഷിക പലിശ നിരക്ക് G.O.(P) No.51/07/Fin തീയതി 9.2.2007 പ്രകാരം 5% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് മറ്റ് ധനകാര്യ സ്ഥാപങ്ങൾ നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ്.<br>G.O.(P)No.156/2015/Fin തീയതി 29.4.2015 പ്രകാരം ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് 1.5.2015 മുതൽ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ട്രഷറി സേവന സൗകര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ കാര്യക്ഷമമാക്കി കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ ? | ട്രഷറി സേവന സൗകര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 25.4.2016 - ലെ G.O.(P)No. 53/2016/Fin ഉത്തരവ് പ്രകാരം കോർ ബാങ്കിംഗ് സംവിധാനം ട്രഷറികളിൽ നടപ്പിലാക്കി വരുന്നു. 28.9.2016 വരെ 90 ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. 2016 ഡിസംബർ മാസം അവസാനത്തോടുകൂടി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം കൂടി ഏർപ്പെടുത്തുന്നതോടെ ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി അക്കൗണ്ടുകളിലേയ്ക്കോ, ബാങ്ക് അക്കൗണ്ടുകളിലേയ്ക്കോ ഏതു സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാകും. ഇത്തരത്തിൽ കോർ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക സാങ്കേതിക സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാകുമ്പോൾ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ.

Annexure - 1

<table>
<tr><th rowspan="2">Sl. No.</th><th rowspan="2">Item</th><th colspan="2">Existing Rate (%) p.a</th><th colspan="2">Revised Rate (%) p.a</th></tr>
<tr><th>General</th><th>Senior Citizens</th><th>General</th><th>Senior Citizens</th></tr>
<tr><td>1</td><td>180 days and above but below 1 year</td><td>7.50</td><td>7.50</td><td>7.50</td><td>8.00</td></tr>
<tr><td>2</td><td>1 year and above but below 2 years</td><td>9.00</td><td>9.25</td><td rowspan="3">9.00</td><td rowspan="3">9.50</td></tr>
<tr><td>3</td><td>2 years and above but below 3 years</td><td>9.00</td><td>9.25</td></tr>
<tr><td>4</td><td>3 years and above</td><td>8.75</td><td>9.25</td></tr>
</table>